# ഒരു നുണക്കഥ

അനുജത്തിയുടെ തീപാറുന്ന കണ്ണുകൾകക്കു മുന്നിൽ ഒരു കൊടുങ്കാറ്റിനു മുന്നിലെന്നപോലെകാലുറപ്പിച്ചു നിർത്തി. പുച്ഛത്തിന്റെയും അവജ്ഞയുടെയും ആളുന്ന തീ. അതിലുരുകാതെ നിന്ന തന്റെ മുഖത്തെ കഭസലില്ലായ്മയുടെ ചിരി അനിയത്തിയെ കൂടുതൽ ശുണ്ഠി പിടിപ്പിച്ചിരിക്കണം. അവളുടെ ചുണ്ടുകളുടെ അറ്റം പോലും വിറച്ചു. ഈ ഭാഷ എനിക്ക് മനസ്സിലാവും കുട്ടീ. പക്ഷെ വിശദീകരണങ്ങളും ന്യായീകരണങ്ങളും കൊണ്ട് നിന്നെ തൊടാൻ പോലും പറ്റാത്ത ഒരിടത്താണ് ഞാൻ. മരവിച്ചൊരു സഹതാപമല്ലാതെ ഇപ്പോൾ എന്റെ മനസ്സിലൊന്നുമില്ല. അത് കണ്ടാൽ, നിനക്ക് കൂടുതൽ വേദനിക്കുകയേയുള്ളൂ.

ഇടനാഴിയിലെ മങ്ങിയ വെളിച്ചത്തിൽ അനുജത്തിയുടെ ഈറൻമുടിയും വിയർപ്പിൽ അലിയാൻ തുടങ്ങിയിരുന്ന ചന്ദനക്കുറിയും വെളുത്തു മിനുത്ത കവിളിലെ മുഖക്കുരുവും, ലൈറ്റ് ആൻഡ് ഷെയ്ഡ് ഉപയോഗിച്ചു വരച്ച ഒരു പെയ്ന്റിങ്ങിലെന്നപോലെ തെളിഞ്ഞുകാണും എന്നും ഉച്ചക്കുശേഷം മാത്രം കുളിക്കാനൊരുങ്ങുന്ന തന്നെ പോലെയല്ല,അനിയത്തി നേർത്തെ കുളിച്ചിരിക്കുന്നു. ജയേട്ടന് പെൺകുട്ടികൾ രാവിലെ നേർത്തെ കുളിക്കുന്നതാണിഷ്ടം.

അവളുടെ കാലൊച്ച കേട്ടതും തന്നോടുള്ള സംസാരം നിർത്തി ഇടവാതിലിലൂടെ പുറത്തേകക്കിറങ്ങിയ ജയേട്ടനെ രേണു കണ്ടിരിക്കുന്നു എന്നു തീർച്ച.

''ഡോക്ടറമ്മയാണെന്ന ഭാവമൊക്കെ കയ്യിൽ വച്ചാൽ മതി. അനിയത്തി തിളച്ചു:'' പഠിപ്പും പത്രാസും കുറവാണെങ്കിലും മറ്റുള്ളവരുടെ കിണ്ണത്തിനുള്ളിൽ കൈയിട്ടു വാരാറില്ല ഞാൻ.''

അനുജത്തിയുടെ ചുണ്ടുകൾ വല്ലാതെ വിറക്കുന്നു. ഒരു വാക്കുകൂടി പറഞ്ഞാൽ അവൾ ചിലപ്പോൾ പൊട്ടിക്കരഞ്ഞേക്കും.

തലയിൽ തലോടാൻ ഉയർത്തിയ കൈയിൽ രേണു ഊക്കോടെ തട്ടി.

''മതി അഭിനയം. ഞാനും ചോറാണ് തിന്നണത്.''

''അതുകൊണ്ടുതന്നെയാണ് പറയുന്നത്, നിന്റെ ജയേട്ടനെ എനിക്കാവശ്യമില്ല എന്നു പറഞ്ഞാൽ മനസ്സിലാകാതിരിക്കാൻ തക്ക അകലം നമ്മൾ തമ്മിലില്ല. അതുണ്ടാക്കരുത്.''

കരിയും മഞ്ഞളും പുരണ്ട സാരിത്തലപ്പ് അരയിലൂടെ ചുറ്റിക്കുത്തി രേണു ഊക്കിൽ തിരിഞ്ഞു നടന്നപ്പോൾ അവളുടെ ഒക്കത്തിലിരുന്ന ഉണ്ണി വല്ലാതെ ആഞ്ചി. അതിന്റെ ശക്തികൊണ്ടാവണം ഉണ്ണി ഉറക്കെ കരയാൻ തുടങ്ങി.

''അസത്ത്. തൊള്ള കീറാൻ തുടങ്ങ്യാൽ പിന്നെ നിർത്തില്ല. എല്ലാവരും കൂടി എന്റെ മണ്ടേല് മുളകെഴുതാൻ വന്നിരിക്ക്യാ...

അടുക്കളയിൽ തട്ടിമറിയുന്ന പാത്രങ്ങൾക്കിടയിലൂടെ അനിയത്തിയുടെ ശബ്ദം കലമ്പി. ആവശ്യത്തിലധികം ഊക്കിൽ വീണ അടിയിൽ ഉണ്ണി പിടഞ്ഞു നിലവിളച്ചു. ചാട്ടവാറുകൾ ആർക്കു നേരെയാണെന്ന് നല്ലപോലറിയാം.

ഉണ്ണിയുടെ കരച്ചിൽ സഹിക്കവയ്യാതായപ്പോഴാണ് നിലത്തുനിന്ന് അവനെ എടുത്ത് പുറത്തുകടന്നത്.

''അവനെ ഇവിടെ വയ്ക്കാൻ. എന്റെ മോനെ പൊന്നരിക്കാൻ ഞാൻ മതി.''

''ആരെ പൊന്നരിക്കാനാണ് എന്റെ അനുജത്തി പോരാത്തത്?'' തന്റെ ശബ്ദത്തിലെ കട്ടപിടിച്ച കറുപ്പ് അനുജത്തിയും കണ്ടിരിക്കണം. രണ്ടുപേരുടേയും കണ്ണുകൾ കരിങ്കൽ ചീളുകൾ പോലെ ഒരുനിമിഷം ഉരസി.

മടുപ്പാണ് മനസ്സു മുഴുവൻ. നിയതമായ അർത്ഥങ്ങൾ പതിച്ചു കിട്ടിയ ബന്ധങ്ങൾ സ്ഥാനം മാറാതെ, മാറിമറിയാതെ ഇരുന്നുകൊള്ളണമെന്നില്ല എന്നും എന്ന് രേണു എന്നാണ് മനസ്സിലാക്കുക. ബന്ധങ്ങൾ അർത്ഥവത്താകുന്നത് പലപ്പോഴും പതിച്ചുകിട്ടിയ അതിരുകൾ ഭേദിക്കുമ്പോഴാണ് എന്നു അനിയത്തിയോട് പറയണമെന്നുണ്ട്. പക്ഷെ, താൻ പറയുന്നത് കേൾക്കാനാവാത്തത്ര അകലത്തിലാണ് രേണു. രണ്ടു പേരും വളർന്നപ്പോൾ ഇടയിലൂടെ ഒഴുകിപ്പോയ വെറും കുറേ വർഷങ്ങൾ മാത്രമല്ല. അതിലൂടെ തട്ടിയും തടഞ്ഞും കുത്തിയൊലിച്ചുപോയ പലതും ഉണ്ടാക്കിയത് ഇടയിൽ അകലം കാത്തു സൂക്ഷിക്കാൻ വിധിക്കപ്പെട്ട, മണങ്ങളും നിറങ്ങളും വ്യത്യസ്തമാക്കിത്തീർന്ന രണ്ടു കരകൾ കൂടിയാണ്.

''കുട്ട്യേത്തരാൻ.'' അനിയത്തി കണ്ണുകളിലേക്കു നോക്കാതെ മുന്നിലേക്കാഞ്ഞു. ''ഇല്ലെങ്കിൽ?'' താൻ നിന്നിടത്തു തന്നെ നിന്നു. ''വല്ലാതെ കൂടുന്നുണ്ട് രേണൂ.'' ''അധികം ശീലാവതി ചമയണ്ട. ചായം ഇപ്പഴേ ഉണ്ട് മുഖത്ത് വേണ്ടത്ര.''

രേണുവിന്റെ മുഖത്തേക്കു തന്നെ നോക്കികുട്ടിയെ പെട്ടെന്നു താൻ നിലത്തുവച്ചു. മതി.

വീണ്ടും പിടഞ്ഞുകരയാൻ തുടങ്ങിയ ഉണ്ണിയെ കയ്യിലെടുക്കാതെ, തിരിഞ്ഞൊന്നു നോക്കുക പോലും ചെയ്യാതെയാണ് കോലായത്തലപ്പിലെ തൂണിൽ ചാരി അനുജത്തി കരയാൻ തുടങ്ങിയത്.

''ഞാനും ഒന്നു ജീവിച്ചോട്ടെ. ആരുടേയും ഒന്നും ഞാൻ തട്ടിപ്പറിക്കിണില്ല്യ.''

അനങ്ങാതെ അതെ, അനങ്ങാതെ നിന്നതേയുള്ളൂ.

ജയേട്ടന് നിന്നെ വേണ്ടെങ്കിൽ എന്തു ചെയ്യും. എന്ന് ചോദിക്കാനാഞ്ഞതാണ്.

വെറുതെ, ചോദ്യത്തിന്റെ ആഴം പോലും രേണുവിന് മനസ്സിലാവുകയില്ല.

ജയേട്ടനും പറഞ്ഞത് അതാണ്.

ഒരു നട്ടുച്ചക്ക്, പുസ്തകവും കയ്യിൽപ്പിടിച്ച് മയങ്ങുമ്പോഴാണ് ആദ്യമായി ജയേട്ടൻ തന്നെ ചെസ്സുകളിക്കാൻ വിളിച്ചത്.

അത്ഭുതംതോന്നി. ''രേണു എവിടെ?'' താൻ ചോദിച്ചു.

''രമ നന്നായി ചെസ്സുകളിക്കും അല്ലേ?'' ചോദ്യം കേട്ടില്ലെന്നു നടിച്ച് ജയേട്ടൻ പറഞ്ഞു: വെള്ളപ്പോ, കറുപ്പോ?

''വെളുപ്പ്'' അനുജത്തിയുടെ ഭർത്താവായ ജയേട്ടനെ അത്രയൊന്നും പരിചയമില്ലാത്തതിനാൽ ഭവ്യതയോടെ പറഞ്ഞു.

''രേണുവിനെ ചെസ്സ് പഠിപ്പിച്ചില്ലേ? ചെസ്സുകളിക്കുമ്പോൾ താൻ ജയേട്ടനോട് വീണ്ടും ചോദിച്ചു.

''ചെക്ക് മെയ്റ്റ്'' കാലാളിനെ ഒരു പടികൂടി മുന്നിലേക്കു നിർത്തി ജയേട്ടൻ അതും കേട്ടില്ലെന്നുനടിച്ചു. ''രക്ഷപ്പെടാമോ എന്നു നോക്കൂ.''

ചെസ്സ് ബോർഡിലെ തന്റെ രാജാവിനെ ജയേട്ടൻ പഴുതില്ലാതെ വളഞ്ഞിരിക്കുന്നു.

''അത്രയെളുപ്പം പിടികൊടുക്കാറില്ല ഞാൻ.'' കുതിരയെ ബലികൊടുത്ത് താൻ ചിരിച്ചു: ''യുദ്ധം ജയിക്കാനുള്ളതല്ലെ''.

ജയേട്ടന്റെ കണ്ണുകൾ ഒരു നിമിഷം തന്റെ മുഖത്ത് തറച്ചു നിന്നു. ''അറിയാം'' ജയേട്ടൻ ഗൗരവത്തിലാണ്. ''രേണു പ്രസംഗിക്കാറുണ്ട് ചേച്ചിയുടെ കഴിവിനെപ്പറ്റി.''

കണ്ണുകൾ വീണ്ടും പരസ്പരം ഏറ്റുമുട്ടി.

''രേണു എവിടെ?'' ആ നോട്ടത്തിന്റെ തുടർച്ചയെന്നപോലെ, അതൊന്നു മുഴുമിക്കാനെന്ന പോലെ താൻ ചോദിച്ചു. ''രേണൂന് ഇഷ്ടമല്ലേ ചെസ്സ്?''

''ചെസ്സ് മാത്രമല്ല, അടുക്കളയ്ക്ക് പുറത്തുള്ള ഒന്നും ഇഷ്ടമല്ല.'' ജയേട്ടന്റെ മുഖം പെട്ടെന്ന് കനം വച്ചു: ''ഞാൻ ശ്രമിച്ചു എന്നാരും പറയരുത്. ഏറെ ശ്രമിച്ചു. ഏറെ. പിന്നെ മടുക്കൻ തുടങ്ങി.''

അകത്ത് തളത്തിലെ നിലത്ത് മലർന്നു കിടന്നുറങ്ങുകയായിരുന്ന രേണുവിനെതിരെ ജയേട്ടൻ തിരിഞ്ഞിരുന്നു.

'' സ്വാദുള്ള ഭക്ഷണവും സുന്ദരമായ മുഖവും മാത്രം പോര ഒരു വിവാഹം നിലനിൽക്കാൻ. അതു പറഞ്ഞാൽ പക്ഷെ രേണു പൊട്ടിച്ചിരിക്കും. അർത്ഥം പോലും മനസ്സിലാവാതെയുള്ള ആ ചിരികാണുമ്പോൾ അറപ്പാണ് തോന്നാറ്. മനസ്സിലാവില്ലാ പോട്ടെ, മനസ്സിലാക്കണമെന്നുമില്ല.

''കുതിര...'' ജയേട്ടന്റെ ശബ്ദത്തിലെ കല്ലപ്പിനേയും കലിപ്പിനേയും നേരിടാൻ പേടിച്ച് താനന്നു വിഷയം മാറ്റി: ''ശ്രദ്ധിച്ചില്ലെങ്കിൽ രഥവും പോകും.''

സംസാരം അന്ന് ചെസ്സിൽ നിന്നും തന്റെ ഹോസ്പിറ്റൽ ജീവിതത്തിലേക്കും വൈദ്യശാസ്ത്രത്തിലേക്കും ജയേട്ടന്റെ മറ്റൊരു ഭ്രാന്തായ കൃഷി ഗവേഷണത്തിലേയ്ക്കും പടർന്നു പതുക്കെ പതുക്കെ രേണുവിലേക്കും ഉണ്ണിയിലേക്കും പടർന്നു.

ഉച്ചയുറകക്കം കഴിഞ്ഞ് ചായയുമായെത്തിയ രേണുവിന്റെ മുഖത്തേക്ക് താനന്ന് നോക്കിയതേയില്ല. പേടിയാണ് മനസ്സാകെ.

ലീവ് കഴിഞ്ഞ് പോരുന്ന ദിവസം, തൊടിയിൽ കിളച്ചുകൊണ്ടിരുന്ന ജയേട്ടനോട് യാത്ര പറയാൻ പോയ തന്റെ കൈപ്പടത്തിലേക്ക് കറുത്തുലർന്ന മണ്ണ് വാരി ഉതിർത്തുകൊണ്ട് ജയേട്ടൻ വിവരിച്ച ചെടികളുടെ സ്വഭാവങ്ങളിലേക്ക്, ജയേട്ടന്റെ തിളങ്ങുന്നെ മുഖത്തേക്ക് നോക്കി രേണു അന്തം വിട്ടു. പ്രതീക്ഷിച്ചപോലെ.

മുടി നിറയെ പൂവും മുഖം നിറയെ നനവുമായി കണ്ണാടിക്കുമുന്നിൽ നിന്നു സാരിയുടെ ഞൊറികൾ വീണ്ടും വീണ്ടും ശരിയാക്കി അണിഞ്ഞൊരുങ്ങുന്ന പതിനെട്ടുകാരി വധുവിനെയാണ് തനിക്ക് പെട്ടെന്ന് ഓർമ്മ വന്നത്.

പുസ്തകം കണ്ടാൽ ദേഷ്യം വരുന്ന, പത്തും പത്തും പെരുക്കിയാൽ തെറ്റിക്കുന്ന സുന്ദരി കോളേജുകാരി.

തിരിഞ്ഞു നോക്കുമ്പോൾ തോന്നുന്നു, രേണുവും താനും രണ്ടുവഴികളിലൂടെയാണ് സഞ്ചരിച്ചത്.

''ശരിക്കും ചേച്ചിക്ക് കല്യാണം വേണ്ട?'' ഒരു സന്ധ്യക്ക് കോലായിലിരുന്ന് തലമുടി വേറെടുകക്കുമ്പോൾ രേണു ചോദിച്ചിട്ടുണ്ട്: ''എനിക്ക് പിടികിട്ടണേല്ല്യ നിങ്ങളുടെ മനസ്സ്.''

മനസ്സിൽ തട്ടിമറിഞ്ഞു വീണ നൂറുകൂട്ടം ഓർമ്മകൾ വളപ്പൊട്ടുകൾ പോലെ ചിതറി.

''അമ്മേ, ഞാൻ വരട്ടെ'' രേണുവിന്റെ അഴിഞ്ഞ മുടിത്തുമ്പു കെട്ടിക്കൊടുത്ത് താൻ അന്ന് പറഞ്ഞു. ''ഇത്തവണ കുറച്ചു ദിവസം കഴിഞ്ഞേ ഞാൻ വരൂ.'' ജയേട്ടൻ മൂളി. കണ്ണുകൾ, അമ്മയേയും രേണുവിനേയും കടന്ന് തന്റെ മുഖത്തെത്തിയത് അറിയുകയും ചെയ്തു. ദിവസങ്ങൾക്ക് ശേഷം, താൻ താമസിച്ചിരുന്ന വാടകവീട്ടിന്റെ കോലായിൽ, ചാരുകസേരയിൽ തന്നെ കാത്ത് ഇരുന്നിരുന്ന ജയേട്ടനെ കണ്ടപ്പോൾ പ്രതീക്ഷിച്ചിരുന്നു എന്നാണ് തോന്നിയത്. വീട്ടിൽ നിന്നു വന്നതിനുശേഷം വന്ന ജയേട്ടന്റെ നീണ്ട കത്തിന് താൻ മറുപടി അയച്ചിരുന്നില്ല.

മറുപടിയിൽ എന്താണെഴുതേണ്ടതെന്ന് ഒരു രൂപവുമില്ലാത്തതു കൊണ്ടാവണം, കത്തെഴുതൽ ഓരോ ദിവസം നീട്ടി.

കത്ത്, രേണുവിനെക്കുറിച്ചായിരുന്നു. എഴുതേണ്ടതും രേണുവിനെക്കുറിച്ചായിരുന്നു.

കാലും മുഖവും കഴുകി ഊൺ മേശയുടെ അടുത്തെത്തുന്നതുവരെ.

ജയേട്ടൻ ചാരുകസേരയിൽതന്നെ കിടന്നു. നിശ്ശബ്ദത, കടലാസ്സിൽ വീണ മഷിപോലെ പരക്കുന്നു.

''ചെസ്സ് കളിക്കണോ ആദ്യം?'' ഒരു കുസൃതിച്ചിരിയോടെ, ഒന്നും സംഭവിച്ചിട്ടില്ലാത്തതു പോലെ, താൻ ചോദിച്ചു ചായയും ചെസ്സുമാവാം ആദ്യം അല്ലേ?

''രമക്ക് കത്ത് കിട്ടിയിരിക്കണം.'' ജയേട്ടൻ ചിരിക്കാതെയാണ് പറഞ്ഞത്. ''രമ മറുപടി അയക്കുമെന്ന്, സത്യത്തിലും, ഞാൻ പ്രതീക്ഷിച്ചിട്ടില്ല മറുപടിക്കു വേണ്ടിയുള്ളതായിരുന്നില്ല ആ കത്ത്.

''രേണു പാവമാണ് ജയേട്ടാ. സ്നേഹിക്കാനറിയാം അവൾക്ക്.''

എന്താണ് പറയേണ്ടതെന്നറിയാതെ, പറയുന്നത് തനിക്കുതന്നെ ബോധ്യമല്ലെന്നറിഞ്ഞുകൊണ്ട് താൻ പെട്ടെന്നു നിർത്തി. പാവം എന്ന വാക്കു തന്നെ താൻ ഉപയോഗിക്കരുതായിരുന്നു.

''ഇതൊന്നും ഞാനെതിർത്തിട്ടേയില്ല.'' ജയേട്ടൻ പറഞ്ഞു: ''പക്ഷെ അതല്ലല്ലോ രമേ, കാര്യം.''

അല്ല എന്ന് തനിക്കുമറിയാം. അതാണേറ്റവും വിഷമവും.

''ഉണ്ണിയുടെ കാര്യം?'' ഒരൊഴികഴിവിന്റെ ചുവയുണ്ടായിരുന്നു തന്റെ ശബ്ദത്തിന് എന്ന് പെട്ടെന്ന് തോന്നി: ''അവനൊന്നും പിഴച്ചിട്ടില്ലല്ലൊ.

''ആരും ഒന്നും പിഴിച്ചിട്ടില്ല. ആരോടും അനുവാദം ചോദിക്കുകയുമല്ല. ഇനി വയ്യ എന്നു പറയുക മാത്രമായിരുന്നു ഞാൻ.''

''ജയേട്ടനെ മനസ്സിലാവാതെയല്ല ജയേട്ടാ, രേണുവിനോടെന്തു പറയും എന്നാണറിയാത്തത്.''

''അതു തന്നെയാണ് രമേ, എനിക്കുമറിയാത്തത്.'' ജയേട്ടന്റെ മുഖത്ത് ദേഷ്യം പതഞ്ഞു: ''രേണുവിന് മനസ്സിലാകുന്ന ഭാഷയിൽ പറയാൻ എന്റെ കൈയിൽ വാക്കുകൾ പോലുമില്ല. സ്വാദുള്ള ഭക്ഷണവും അനുസരണ ശീലവും പ്രതിഷേധങ്ങളില്ലാത്ത കിടക്കയും മാത്രം പോരാ സ്നേഹം പൊട്ടിവളാൻ എന്ന് രേണു മനസ്സിലാക്കിയേ പറ്റൂ.''
''ശരിയാണ്.''

''കുറ്റപ്പെടുത്തുകയല്ല ഞാൻ.'' ജയേട്ടന്റെ ശബ്ദം വിങ്ങി. ''രേണുവിനോട് ഒരു തരി ദേഷ്യം പോലുമില്ലെനിക്ക്. ഒന്നും ഒരിക്കലും വളരുകയില്ലെന്ന് തീർച്ചയായ തരിശു നിലത്തിനോട് തോന്നുന്ന നിസ്സംഗതയല്ലാതെ. പക്ഷെ ഒരു ബന്ധം അവിടെയെത്തിയാൽ അവിടെ നിന്നു രക്ഷപ്പെടണം രണ്ടാൾക്കും അതാണ് നല്ലത്. അത്രയെങ്കിലും ദയ ഒരു ബന്ധത്തിനോട് കാണിക്കണം, രേണു കരയും. മുഖം മുഴുവൻ നനച്ച്, കുട്ടിയെ പോലെ, തന്റെ സ്നേഹത്തിനെന്താണ് കുറവ് എന്നൊരു പിടിയുമില്ലാതെ രേണു കരയും. അപ്പോൾ പറഞ്ഞു മനസ്സിലാക്കാൻ തന്റെ കയ്യിലും വാക്കുകളുണ്ടാവില്ല.

''ഉണ്ണി?'' വെള്ളത്തിന്റെ ഗ്ലാസ്സ് താൻ ജയേട്ടനു നേരെ നീട്ടി.'' നിർബന്ധിക്കുകയല്ല.

''അറിയില്ല രമേ.'' ജയേട്ടന്റെ ശബ്ദം കുറ്റവാളിയുടെതുപോലെ താണു.

''ജീവിതത്തിൽ രണ്ടും രണ്ടും കൂട്ടിയാൽ നാല് എന്ന ഉത്തരങ്ങൾ ഉണ്ടാവില്ലെന്നു തോന്നുന്നു. ഒരു പക്ഷെ, രേണു അറിയാതെനിക്ക് മറ്റൊരു സ്ത്രീ. ഉണ്ണിക്കുവേണ്ടി രേണു. അതേ എനിക്ക് ചെയ്യാനാവൂ.''

മറ്റൊരു വഴിയും തന്റെ മനസ്സിലും വരാഞ്ഞതിനാൽ, അങ്ങനെ ചെയ്യണമെന്നോ ചെയ്യരുതെന്നോ താനന്നു ജയേട്ടനോട് പറഞ്ഞില്ല. ജയേട്ടൻ ഊണു കഴിക്കാതെ ഇറങ്ങിയപ്പോൾ വാതില്ക്കൽ വെറുതെ നിന്ന മേശപ്പുറത്തെ സാധനങ്ങൾ തണുത്തിരിക്കുന്നു. കുറച്ചു നേരം നോക്കിനിന്ന് താൻ പിന്നെ അവ അടച്ചുവച്ചു.

ഊർമ്മിളയെ പിന്നീട് ജയേട്ടന്റെ കൂടെ പാർക്കിൽ കണ്ടപ്പോൾ ജയേട്ടനാണ് പരിചയപ്പെടുത്തിയത്:

''രേണുവിന്റെ ചേച്ചി. ജയേട്ടൻ ചിരിയോടെ പറഞ്ഞു: രമക്കെല്ലാം അറിയാം.''

''എന്തിനാണ് ഇവള് മുഖം വീർപ്പിച്ചിരിക്കണ്? പട്ടത്തണ്ടും വലിച്ച് മുറ്റത്തേക്കെത്തിയ അമ്മ തുടുത്തു വീർത്ത മുഖവുമായി തൂണിൽ ചാരി നിന്നിരുന്ന രേണുവിനെ കണ്ടതും ചോദിച്ചു.

''ജയനതാ തൊടീല് കൊത്തും കിളയും തുടങ്ങീട്ട് മണിക്കൂറായി. അയാൾക്കെന്തെങ്കിലും കഴിക്കാൻ കൊടുത്ത്വോ നിങ്ങള്?'' സ്വന്തം ഗവേഷണച്ചെടികളെ താലോലിക്കുകയായിരുന്ന ജയേട്ടൻ ഒരു നിമിഷം തിരിഞ്ഞു നോക്കി.

മൂന്നാഴ്ച്ച കഴിഞ്ഞാൽ ജയേട്ടൻ ഊർമിളയുടെ ഓഫീസിനടുത്തേക്ക് താമസം മാറ്റുന്ന കാര്യം രേണുവിനറിയില്ല.

അതുമാത്രമല്ല, ജയേട്ടൻ തന്നോട് പറഞ്ഞകാര്യങ്ങളിൽ പലതും രേണുവിനറിയില്ല.

പറയാനാഞ്ഞപ്പോഴൊക്കെ രേണുവിന് ശുണ്ഠിവരും. ''ജയേട്ടനെ അത്രക്കങ്ങട് ബോധിച്ചെങ്കിൽ നേരിട്ട് പറഞ്ഞു കൂടെ എന്നാണ് കഴിഞ്ഞ തവണ രേണു പുച്ഛത്തിൽ ചോദിച്ചത്.

''കൂടപ്പിറപ്പാണത്രെ'' രേണു അന്ന് പൊട്ടിത്തെറിച്ചു: ''കുടുംബം കലക്കാൻ നടക്കുന്നു.''

അതു കേട്ടുവന്ന ജയേട്ടൻ തരിച്ചപോലെ നിന്നിടത്തുനിന്നത് ഇപ്പോഴുമോർമ്മയുണ്ട്.

വരയുടെ അപ്പുറത്ത് ചേച്ചിയും ജയേട്ടനും. ഇപ്പുറത്ത്താനും ഉണ്ണിയും. രേണു കണ്ടത് അങ്ങനെയാണ്. പരിചയിച്ച, പതിവു ചിത്രങ്ങളെപ്പോലെ പ്രതീക്ഷിച്ച പോലെ.

അതോ, ഒന്നും മനസ്സിലാവില്ലെന്നു നടിച്ച് രേണു തോൽക്കാതിരിക്കാൻ ശ്രമിക്കുകയാണോ? ഒരു ഇടിമിന്നലേറ്റപോലെ തല ചിന്നി. സ്വന്തം സൗന്ദര്യത്തിൽ രേണുവിന് വല്ലാത്ത അഭിമാനമായിരുന്നു. ഒരു ശത്രു, അതുകൊണ്ടുതന്നെ, രേണുവിന് അത്യാവശ്യമായിരുന്നിരിക്കുന്നു.

''ഉണ്ണിയെ ഒന്നു ഇങ്ങോട്ട് തരൂ, രേണൂ.'' ജയേട്ടൻ തൊടിയിൽ നിന്ന് വിളിച്ചു പറഞ്ഞു.

കത്തുന്ന നോട്ടത്തോടെ, അതു കേട്ടതും രേണു അകത്തേക്കുപോയി.

''എന്താ ഈ കുട്ടിക്ക് ഇന്ന്?'' അമ്മ ആരോടെന്നില്ലാതെ പറഞ്ഞു ഉണ്ണി മോൻ വാ. അമ്മമ്മ കൊണ്ടുപുവ്വാം അച്ഛന്റെ അടുത്തേക്ക്.''

അമ്മ ജയേട്ടനു നേരെ ഉണ്ണിയേയുമെടുത്ത് നടന്നപ്പോൾ തിരിഞ്ഞു നടന്നു.

അകത്ത് രേണുവിന്റെ മുഖം ജനാലക്കൽ തന്നെയുണ്ടാവും.

തിളച്ചൊഴുകി വരുന്ന ലാവ പോലെയുള്ള കണ്ണുകൾ തനിക്കു നേരെ ചീറ്റുന്നുണ്ടാവും.

ജനാൽക്കലേക്ക് അറിയാതെ നോക്കിപ്പോയി. രേണുവിന്റെ കത്തുന്ന മുഖം നിറയെ, നിറയെ കണ്ണീരാണ്.

എണ്ണയിൽ പിടിച്ച തീപോലെ മനസ്സൊന്നാകെ ആളി. ജയേട്ടൻ തന്റെ കയ്യിലില്ലെന്ന് പറഞ്ഞാൽ രേണു വിശ്വസിക്കില്ല.

ഒരു പക്ഷെ, വിശ്വസിക്കരുത് എന്നതുപോലുമാണ് ശരി.

കാരണം, സ്വന്തം തോൽവിയേക്കാളും അവനവനോടുതന്നെ തോന്നുന്ന പുച്ഛത്തേക്കാളും എത്രയോ ഭേദമാണ് രേണൂ. ശത്രുവിനോടുള്ള പക. ശത്രു സാങ്കല്പികമായാലും അല്ലെങ്കിലും അത് ജീവിക്കാനൊരു കാരണം തരും.